(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
തീയതി :25.01.2017

നം.കെ.എസ്.എ/ഐ.ഡി.കെ-12/79/2016

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കരുണാപുരം ഗ്രാമപഞ്ചായത്ത്

സർ,
വിഷയം : കരുണാപുരം ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്– പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരുണാപുരം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി
3)കാര്യാലയ പകർപ്പ്

കെ.എസ്.എ/ഐ.ഡി.കെ-12/79 /2017 തീയതി: 25.01.2017

# ഇടുക്കി ജില്ലയിലെ കരുണാപുരം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,
1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ഇടുക്കി ജില്ലയിലെ കരുണാപുരം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കി. പഞ്ചായത്ത് 26.04.2016 മുതൽ 18.01.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ, ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി എം.വി. സിനി, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.01.2017 മുതൽ 25.01.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. എം.കെ. മധുസൂദനൻ നായർ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ഇ.വി. ജിബി | സീനി. ഗ്രേഡ് ഓഡിറ്റർ |

| | | |
|---|---|---|
| | ശ്രീ. ജോസഫ് ചാക്കോ | സീനി. ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. എം. കെ. അഭിലാഷ് | സീനി. ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. കെ. ബി. ബാബു രാജ് | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി സൂസി ആന്റണി | 01.04.2015 മുതൽ 31.10.2015 വരെ |
| | അഡ്മിനിസ്ട്രേറ്റീവ് ഭരണം | 01.11.2015 മുതൽ 18.11.2015 വരെ |
| | ശ്രീ.ശിവപ്രസാദ് തണ്ണിപ്പാറ | 19.11.2015 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | ശ്രീ. ആർ. വെള്ളയ്യൻ | 01.04.2015 മുതൽ 31.03.2016 വരെ |
| മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി. സെക്രട്ടറി | ശ്രീ.പി. എം. വർഗ്ഗീസ് | 01.04.2015 മുതൽ 24.8.2015 വരെ |
| | ശ്രീമതി ഷാജാ ജോസഫ് | 25.8.2015മുതൽ 31.03.2016 വരെ |
| അസി. എഞ്ചിനിയർ | ശ്രീ.പി.എം. റഷീദ് | 01.04.2015 മുതൽ 31.03.2016 വരെ |
| കൃഷി ഓഫീസർ | ശ്രീമതി അശ്വതി റ്റി.വാസു. | 01.04.2015 മുതൽ 31.03.2016 വരെ |
| വെറ്ററിനറി സർജൻ | ഡോ. എസ്.കാളീശ്വരൻ | 01.04.2015 മുതൽ 31.03.2016 വരെ |
| ഗ്രാമസേവകൻ | ശ്രീ. വി.വി. തോമസ് | 01.04.2015 മുതൽ 31.03.2016 വരെ |

| | | |
|---|---|---|
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി റ്റി.ജി. ലക്ഷ്മി | 01.04.2015 മുതൽ 16.8.2015 വരെ |
| | ശ്രീമതി ജി. എസ്. ബിന്ദു | 17.8.2015 മുതൽ 31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ (ആരോഗ്യം) | ഡോ. മാലിനിഗോപാൽ | 01.04.2015 മുതൽ 08.11.2015 വരെ & 09.03.2016 മുതൽ 31.03.2016 വരെ |
| | ഡോ. ധന്യ സൂസൻ ജോസഫ് | 09.11.2015 മുതൽ 08.03.2016 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വേരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| | ഭാഗം - 2 | |
| 13 | അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചിട്ടില്ല | 2-1 |
| 14 | കെട്ടിടങ്ങൾക്ക് താമസാവശ്യത്തിനെന്നപോലെ നികുതി നിർണ്ണയിച്ച് വാണിജ്യം/മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു- വരുമാന നഷ്ടം | 2-2 |

| | | |
|---|---|---|
| | | |
| 15 | തൊഴിൽ നികുതി ഈടാക്കിയില്ല | 2-3 |
| 16 | വസ്തുനികുതി നിർണ്ണയിച്ചതിലെ കുറവ് | 2-4 |
| 17 | വസ്തുനികുതി ഇനത്തിൽ വൻകുടിശ്ശിക | 2-5 |
| | ഭാഗം - 3 | |
| 18 | രേഖകൾ ലഭ്യമല്ലാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു. ₹496250/- | 3-1 |
| 19 | തൊഴിലുറപ്പ് പദ്ധതിക്ക് സാധനങ്ങൾ വിതരണം ചെയ്ത കരാറുകാരനിൽ നിന്നും വാറ്റ് ഈടാക്കിയില്ല- നഷ്ടം ₹2428263/- | 3-2 |
| 20 | മുൻകൂർ തുക ക്രമീകരിച്ചിട്ടില്ല ₹688000/- യുടെ ചെലവ് തടസ്സം | 3-3 |
| 21 | ഹെഡ് മാസ്റ്റർ നടപ്പാക്കിയ പദ്ധതികളുടെ ഫയലുകളും രജിസ്റ്ററുകളും ഓഡിറ്റിനു ഹാജരാക്കിയില്ല - ₹175000/-ന്റെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു | 3-4 |
| 22 | സർക്കാർ നിർദ്ദേശ പ്രകാരമുള്ള ഇ-ടെണ്ടർ നടപടി ഒഴിവാക്കുന്നതിന് ശ്രമം നടത്തിയിരിക്കുന്നു. | 3-5 |
| 23 | കെട്ടിട നിർമ്മാണ പ്രോജക്ട് തയ്യാറാക്കിയതിൽ സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല. | 3-6 |
| 24 | ഭവനനിർമ്മാണം ഫയലുകൾ പൂർണ്ണമായും ഹാജരാക്കാത്തത്- ചെലവ് തടസ്സം ₹331551 | 3-7 |
| | ഭാഗം - 4 | |
| 25 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 26 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം | 4-2 |
| 27 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 28 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 29 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 30 | ഓഡിറ്റ് റിക്കവറി | 4-6 |
| 31 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 32 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 33 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |

| 34 | ഓഡിറ്റ്സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
|---|---|---|

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 17.03.2015 തീയതിയിലെ I-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ₹4346642/- മുന്നിരിപ്പും ₹318284208/- വരവും ₹320355400/- ചെലവും ₹2275450/-നീക്കിയിരിപ്പുമുള്ള ബജറ്റാണ് പാസാക്കിയിട്ടുള്ളത്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2015 | 16.7.2015 | -- | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 19.01.2017 | അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്. |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹31198618 |
| വരവ് | ₹107257797 |
| ആകെ | ₹138456415 |
| ചെലവ് | ₹125253349 |
| നീക്കിയിരിപ്പ് | ₹13203066 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി ₹ | തൻവർഷ വരവ് ₹ | ആകെ ₹ | ചെലവ് ₹ | ചെലവ് ശതമാനം |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1950244 | 16585898 | 18536142 | 13632371 | 73.54 |
| വികസനഫണ്ട് എസ്.സി.പി. | 148142 | 3127000 | 3275142 | 2677000 | 81.73 |
| വികസനഫണ്ട് ടി.എസ്.പി. | 26591 | 59000 | 85591 | 37500 | 43.81 |
| സംരക്ഷണഗ്രാന്റ് റോഡ് | 338708 | 17615000 | 17953708 | 17951566 | 99.98 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 8676 | 3955000 | 3963676 | 3861426 | 97.42 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2514506 | 4823369 | 7337875 | 7296559 | 99.43 |
| പെർഫോമൻസ് ഗ്രാന്റ് | 4079428 | 0 | 4079428 | 4079428 | 100 |
| എം.എൻ.ആർ.ഇ.ജി.എസ്. | 8338 | 3612711 | 3621049 | 3621049 | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 177 | 93704306 | 158 | 57490541 | 0 | 19 | 89.27 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

- ഇല്ല -

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 12.44 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം ₹ | തൻവർഷം ₹ | വ്യത്യാസം ₹ | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3284272 | 2565538 | (-)718734 | (-)21.88 |
| നികുതിയേതര വരവുകൾ | 758544 | 1140531 | 381987 | 50.36 |
| മറ്റുവരവുകൾ | 389750 | 174998 | (-)214752 | (-)55.1 |
| ആകെ | 4432566 | 3881067 | (-)551499 | (-)12.44 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 252720 | 214 |
| കർഷകതൊഴിലാളി പെൻഷൻ | 661800 | 173 |
| വിധവാപെൻഷൻ | 7159200 | 1076 |
| വാർദ്ധക്യകാലപെൻഷൻ | 5382000 | 1363 |
| വികലാംഗപെൻഷൻ | 1937600 | 241 |
| 50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 56800 | 12 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.01.2017 തീയതി 11.30 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ₹15116/- എന്ന് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഫ്രണ്ട് ഓഫീസ് സംവിധാനം തൃപ്തികരമാണ്. ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല. തെരുവുവിളക്ക്, വെള്ളക്കരം എന്നിവയുടെ രജിസ്റ്റർ പരിപാലിക്കുന്നില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. പൊതുമരാമത്ത് പദ്ധതികളിൽ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പദ്ധതി നടപ്പാക്കിയിട്ടുള്ളതായി കാണുന്നു. വസ്തുനികുതിയിനത്തിൽ വളരെയധികം തുക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. വാർഷിക കണക്കുകൾ കൃത്യമായി തയ്യാറാക്കാൻ കഴിഞ്ഞിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26-12-16 | 11/2016 | ലഭ്യമായിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11-08-16 മുതൽ 24-08-16 വരെ | 2011-12 മുതൽ 2015-16 വരെ | 14-10-16 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

1. വാട്ടർ വെയ്സ് എന്ന ഹെഡിൽ അസറ്റ് ഇല്ലാതിരിക്കെ (ബാലൻ ഷീറ്റ് ഷെഡ്യൂൾ B-11) അക്യുമുലേറ്റഡ് ഡിപ്രിസീയേഷനായി ₹60995/-കാണിച്ചിരിക്കുന്നു. അസറ്റ് ഇല്ലാതെ ഡിപ്രിസീയേഷൻ ഉണ്ടാകുന്നില്ലാത്തതിനാൽ കണക്ക് തെറ്റാണ്.

2. ശുചിത്വ മിഷൻ ഗ്രാന്റ് (₹5,99,940), ഐ.സി.ഡി.എസ് (₹6,29,979), മറ്റ് കേന്ദ്ര വിഹിതം (₹2,86,876) ഇനത്തിൽ ₹15,16,795/- നീക്കിയിരിപ്പുള്ളതായി ബാലൻ ഷീറ്റ് ഷെഡ്യൂൾ B-4 ൽ നിന്നും കാണുന്നു. എന്നാൽ ഈ തുക നിക്ഷേപിക്കുന്ന എസ്.ബി.ഐ അക്കൗണ്ടിലെ (നം34077) നീക്കിയിരിപ്പ് ₹6,37,240/- മാത്രമാണ്. ആയതിനാൽ മുകളിൽ പരാമർശിച്ച മൂന്ന് ഗ്രാന്റുകളുടെ അക്കൗണ്ടിംഗ് ശരിയായ രീതിയിയിൽ നടക്കുന്നില്ല എന്ന് കാണുന്നു.

3. ഡെപ്പോസിറ്റ് രജിസ്റ്റർ എ.എഫ്.എസ് എന്നിവ തമ്മിലെ വ്യതിയാനം

| ഇനം | എ.എഫ്. എസ് ഹെഡ് തുക₹ | ഡെപ്പോസിറ്റ് രജിസ്റ്റർ തുക₹ |
|---|---|---|
| ബിഡ്ഡേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | 10000 | 2200 |
| അദർ ഡെപ്പോസിറ്റ് | 81500 | 62500 |

4. പ്രയർ പീരിയഡ് -പ്രോഗ്രാം എക്സ്പെൻസസ് (280100101) (ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് I-18) എന്ന ഹെഡിൽ രേഖകളുടെ പിൻബലമില്ലാതെ ₹42,95,841/- എഴുതി തള്ളിയിരിക്കുന്നു.

5. ഗ്രാമപഞ്ചായത്തിലെ അസറ്റ് രജിസ്റ്റർ കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തി കാലികമാക്കാത്തതിനാൽ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിരിക്കുന്ന അസറ്റിന്റെ കൃത്യത പരിശോധിക്കുവാൻ സാധ്യമല്ല.

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും സർക്കാർ നിർണ്ണയിച്ച അടിസ്ഥാന നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾക്ക് വിധേയമായി ചുമത്തേണ്ട അടിസ്ഥാന നികുതി നിരക്ക് പഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കുകയും

വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്യേണ്ടതുണ്ട്. എന്നാൽ, ഹോം സ്റ്റേകൾ, ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ, സ്വകാര്യ ഹോസ്റ്റൽ, മൈക്രോ ആന്റ് മീഡിയം എന്റർപ്രൈസസിൽ രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കോമ്പൗണ്ടിൽ വരുന്നതും അവയുടെ മാത്രം ഉപയോഗത്തിനുള്ളതുമായ ഓഡിറ്റോറിയം, കാന്റീൻ, വർക്ക്ഷോപ്പ് എന്നിവയുടെ അടിസ്ഥാന വസ്തുനികുതി നിരക്ക് പഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കുകയും വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടില്ല. ശ്രീ. എം.കെ രാജപ്പൻ, വൈശാലിയുടെ ഉടമസ്ഥതയിലുള്ള ഹോം സ്റ്റേ ഉപയോഗത്തിനുള്ള VI/467 നം.കെട്ടിടത്തിന് ലോഡ്ജിന് ബാധകമായ നിരക്കാണ് (₹25) വസ്തുനികുതി നിർണ്ണയത്തിന് ചുമത്തിയിട്ടുള്ളത്. അതുപോലെ, ശ്രീ. ബി. വസന്തന്റെ ഉടമസ്ഥതയിലുള്ള പുനർജനി ആയുർവേദിക് റിസോർട്ടിന് ആയുർവേദ സുഖചികിത്സാ കേന്ദ്രത്തിന് ബാധകമായ നിരക്ക് ചുമത്തിയിട്ടില്ല. ആയതിനാൽ, മേൽപ്പറഞ്ഞ ഉപയോഗക്രമങ്ങൾക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി നിശ്ചയിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ ഉപയോഗക്രമം മാറിയിട്ടുള്ള സംഗതികളിൽ വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കേണ്ടതാണ്.

## 2-2 കെട്ടിടങ്ങൾക്ക് താമസാവശ്യത്തിനെന്നപോലെ നികുതി നിർണ്ണയിച്ച് വാണിജ്യം/മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു-വരുമാന നഷ്ടം

2015-16 വർഷത്തിൽ ഡി&ഒ ലൈസൻസ് അനുവദിച്ച അപേക്ഷകളിൽ ചിലത് Random selection നടത്തി കെട്ടിടങ്ങളുടെ ഉപയോഗക്രമം പരിശോധിച്ചപ്പോൾ താഴെപ്പറയുന്ന കെട്ടിടങ്ങൾ താമസാവശ്യത്തിനെന്നപോലെ നികുതി നിർണ്ണയിച്ച് വാണിജ്യം/മറ്റ്ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതായി കാണുന്നു.

| ഡി&ഒ രജിസ്റ്ററിലെ ക്രമ നം | അപേക്ഷകന്റെ പേര് | കെട്ടിട നം | ഉപയോഗം |
|---|---|---|---|
| 1 | മാത്യുജോസഫ്, മറ്റപ്പള്ളിൽ | I3/251 | ഏലം സ്റ്റോർ |
| 17 | പത്മിനി എൻ.റ്റി, തേനാകര | XIV/126 | സ്റ്റേഷനറി കട |
| 25 | രാമചന്ദ്രൻപിള്ള, തുളസീഭവൻ | VIII/267 | സ്റ്റേഷനറി കട |
| 35 | സോജൻ എക്കാടിൽ | VIII/248B1 | ചായക്കട |

| | | | |
|---|---|---|---|
| 137 | എസ്.രാജു, പയ്യംപള്ളിൽ | IX/246 | പലചരക്ക് കട |
| 144 | ജോസഫ് മത്തായി, തലക്കുളം | IX/356 | പലചരക്ക് കട |
| 152 | ജയൻ കെ.പി, കടമാട്ട് | IX/225 | വസ്ത്രവ്യാപാരം |

ആകെ ഡി&ഒ ലൈസൻസ് അനുവദിച്ച 158 അപേക്ഷകളിൽ 23 അപേക്ഷകളിലെ കെട്ടിടത്തിന്റെ ഉപയോഗക്രമം പരിശോധിച്ചപ്പോൾ തന്നെ അതിൽ 7എണ്ണം താമസാവശ്യത്തിനായി നികുതി നിർണ്ണയിച്ച കെട്ടിടങ്ങളാണ് എന്നിരിക്കെ അവശേഷിക്കുന്ന 135 അപേക്ഷകളിലെയും കെട്ടിടങ്ങളുടെ ഉപയോഗക്രമം പരിശോധിച്ചാൽ ഇത്തരം കൂടുതൽ കെട്ടിടങ്ങൾ ഉണ്ടാകുമെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ആകയാൽ, മേൽപരാമർശിച്ചത് കൂടാതെ ഡി&ഒ ലൈസൻസ് അനുവദിച്ച മറ്റ് 135 അപേക്ഷകളും പരിശോധിച്ച് ഉപയോഗക്രമം മാറ്റിയിട്ടുള്ള സംഗതികളിൽ വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കേണ്ടതാണ്.

## 2-3 തൊഴിൽനികുതി ഈടാക്കിയില്ല

2015-16 വർഷത്തെ തൊഴിൽനികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല എന്ന് കാണുന്നു.

| ക്രമ. നം | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | ഗവ.യു.പി.എസ് കല്ലാർ | 2 |
| 2 | ഹെഡ് പോസ്റ്റ് ഓഫീസ് കട്ടപ്പന | 2 |
| 3 | സിസ്റ്റർ കാരിത്താസ് | 2 |
| 4 | കൊശമറ്റം ഫിനാൻസ് | 1,2 |
| 5 | എം.ജി.എം ഇംഗ്ലീഷ് മീഡിയം സ്കൂൾ, കരുണാപുരം | 1,2 |

കൂടാതെ, താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതിയും ഈടാക്കിയിട്ടില്ല .

| ക്രമ. നം | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | അപ്കോസ്, രാമക്കൽമേട് | 1,2 |
| 2 | കൊശമറ്റം ഫിനാൻസ് | 1,2 |
| 3 | കെ.ജി.എം ആശുപത്രി,കമ്പമെട്ട് | 1,2 |
| 4 | SCB കൂട്ടാർ | 1,2 |
| 5 | എസ്.ബി.റ്റി തൂക്കുപാലം | 1,2 |
| 6 | IDCB തൂക്കുപാലം/മുണ്ടിയെരുമ | 1,2 |
| 7 | SCB പട്ടംകോളനി | 1,2 |

| | | |
|---|---|---|
| 8 | KSEB കട്ടപ്പന | 1,2 |
| 9 | ബി.എസ്.എൻ.എൽ ഉുക്കുപാലം | 1,2 |
| 10 | നെടുങ്കണ്ടം അർബ്ബൻ ബാങ്ക്,കമ്പമെട്ട് | 1,2 |
| 11 | യൂണിയൻ ഫിനാൻസ്,കൂട്ടാർ | 1,2 |
| 12 | മുത്തൂറ്റ് ഫിൻകോർപ്പ് | 1,2 |
| 13 | മാവേലി സ്റ്റോർ കൂട്ടാർ | 1,2 |
| 14 | സൂപ്പർമാർക്കറ്റ് ഉുക്കുപാലം | 1,2 |

മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽനികുതിയും, സ്ഥാപനതൊഴിൽനികുതിയും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 വസ്തുനികുതി നിർണ്ണയിച്ചതിലെ കുറവ്

100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ എന്നിവക്ക് പഞ്ചായത്തിലെ അടിസ്ഥാന വസ്തുനികുതി നിരക്ക് ₹50/-യും 100 ച.മീറ്റർ മുകളിൽ തറവിസ്തീർണ്ണമുള്ളവയ്ക്ക് അടിസ്ഥാന വസ്തുനികുതി നിരക്ക് ₹60/-യുമാണ്. എന്നാൽ, 2015-16 ഒന്നാം അർദ്ധ വർഷത്തിൽ നികുതി നിർണ്ണയിച്ച താഴെപ്പറയുന്ന കെട്ടിടത്തിന് മേൽപ്പറഞ്ഞ നിരക്കിലല്ല വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്.

| കെട്ടിട നം/ഉടമയുടെ പേര് | ഉപയോഗക്രമം/ തറ വിസ്തീർണ്ണം | ഈടാക്കിയ നിരക്ക് ₹ | നിർണ്ണയിച്ച വസ്തുനികുതി (20% കുറവ്) ₹ | ഈടാക്കേണ്ട നിരക്ക് ₹ | നിർണ്ണയിക്കേണ്ട വസ്തുനികുതി (20% കുറവ്) ₹ | നിർണ്ണയിച്ചതിൽ കുറവ് ₹ |
|---|---|---|---|---|---|---|
| XIII/416 ജോസഫ് ജോസഫ് , കപ്പിയാങ്കൽ, ചേറ്റുകുഴി | വാണിജ്യം 218.05ച.മീ | 50 | 8723 | 60 | 10466 | 1743 |

കൂടാതെ, വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന കെട്ടിടത്തിലെ വിവിധ മുറികൾക്ക് വിവിധ നമ്പരുകൾ നൽകി ഓരോന്നിനും പ്രത്യേകം പ്രത്യേകം നികുതി നിർണ്ണയിച്ചത് മൂലവും നികുതിയിനത്തിൽ നഷ്ടം സംഭവിച്ചതായി കാണുന്നു. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. എന്നാൽ, പഞ്ചായത്തിൽ ഒരേ ആളിന്റെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനായി മാത്രം ഉപയോഗിക്കുന്ന 100ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ ഓരോ ഭാഗത്തിനും വിവിധ നമ്പരുകൾ നൽകി, ഒരു ച.മീറ്ററിന് ₹50/-നിരക്കിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. അടിസ്ഥാന

വസ്തുനികുതിയിൽ കുറവ് വരുകയും തന്മൂലം വസ്തുനികുതി ഇനത്തിൽ നഷ്ടമുണ്ടായിട്ടുള്ളതായും കാണുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ഉടമയുടെ പേര് | വാർഡ് നം | കെട്ടിട നം | ഉപയോഗ ക്രമം | ആകെ തറ വിസ്തീർണ്ണം ച.മീ | വസ്തുനികുതി നിർണ്ണയിച്ച അർദ്ധവർഷം |
|---|---|---|---|---|---|
| ഉണ്ണികൃഷ്ണപിള്ള കാവുംപുറത്ത്, ത്രിക്കുപാലം | 1 | 778,779 | വാണിജ്യം | 190 | 2014 ഒന്നാം അർദ്ധവർഷം |
| ജയിസൺ വി തോമസ്, വരിക്കപ്ലാമൂട്ടിൽ | I | 733-739 | ,, | 221.16 | 2013 രണ്ടാം അർദ്ധവർഷം |
| പ്രസിഡണ്ട്, SNDP യോഗം അന്യാർതൊളു | 14 | 533-538 | ,, | 219.6 | 2013 ഒന്നാം അർദ്ധവർഷം |

ഈ സാഹചര്യത്തിൽ,മേൽ പരാമർശിച്ചിട്ടുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി നിയമ പ്രകാരമുള്ള നിരക്കിൽ പുനർനിർണ്ണയിച്ച് മുൻകാല പ്രാബല്യത്തോടെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

കൂടാതെ, കരുണാപുരത്ത് പ്രവർത്തിക്കുന്ന എം.ജി.എം ഇംഗ്ലീഷ് മീഡിയം സ്കൂളിന് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളതായി കാണുന്നില്ല. സർക്കാർ അംഗീകാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ (ഹയർസെക്കണ്ടറി തലം വരെയുള്ള)കെട്ടിടങ്ങളെ മാത്രമാണ് വസ്തുനികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത് എന്നതിനാൽ മേൽപ്പറഞ്ഞ അൺ എയ്ഡഡ് സ്കൂളിന്റെ വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്.

## 2-5 വസ്തു നികുതി ഇനത്തിൽ വൻ കുടിശ്ശിക

2015-16 വാർഷിക ധനകാര്യപത്രിക അനുസരിച്ച് വസ്തു നികുതിയിൽ വൻകുടിശ്ശിക നിലനിൽക്കുന്നു. ധനകാര്യപത്രികയുടെ ബി15 പട്ടിക പ്രകാരം തന്നാണ്ട് കുടിശ്ശിക ₹1375552/-യും മുൻവർഷ കുടിശ്ശിക ₹1117632/-യും ഉൾപ്പെടെ ആകെ ₹2493184/-യാണ്. കുടിശിക ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള ചില പ്രധാന വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | കെട്ടിട നം | ഉടമയുടെ പേര് | വാർഷിക കുടിശിക | കുടിശിക കാലയളവ് |
|---|---|---|---|---|
| 1 | 1/231/. | വിഷൻ ഇൻഡ്യ പ്രൈ.ലിമിറ്റഡ് | 5500 | 2013-14 മുതൽ |
| 2 | 2/221 | ബി.എസ്.എൻ.എൽ ടവർ | 6600 | 2013-14 മുതൽ |
| 3 | 2/222 | ഐഡിയ ടവർ | 6600 | 2013-14 മുതൽ |

| | | | | |
|---|---|---|---|---|
| 4 | 5/108 | ബി.എസ്.എൻ.എൽ ടവർ | 11000 | 2013-14 മുതൽ |
| 5 | 5/109 | ഐഡിയ ടവർ | 11000 | 2013-14 മുതൽ |
| 6 | 8/257 | ഭാരതി എയർടെൽ | 11000 | 2013-14 മുതൽ |
| 7 | 9/199 | റിലയൻസ് ടവർ | 4500 | 2013-14 മുതൽ |
| 8 | 9/425 | ബി.എസ്.എൻ.എൽ ടവർ* | * | 2013-14 മുതൽ |
| 9 | 11/196 | ഐഡിയ ടവർ | 5000 | 2013-14 മുതൽ |

*സഞ്ചയയിൽ 9/425 നം.കെട്ടിടം കമ്പമെട്ട് സെന്റ് ജോസഫ് പള്ളി വികാരിയുടെ ഉടമസ്ഥതയിലുള്ളതും 169ച.മീ. തറ വിസ്തീർണ്ണമുള്ള ടവർ എന്ന രീതിയിൽ വൻ തുക നിർണ്ണയിച്ചിട്ടുള്ളതുമാണ്. ഇത് യഥാർത്ഥ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ പുനർനിർണ്ണയിക്കേണ്ടതാണ്.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 243(1)-ാം വകുപ്പനുസരിച്ച്, ഡിമാന്റ് ചെയ്ത നികുതി 3 വർഷത്തിനകം പിരിച്ചെടുക്കാത്തപക്ഷം കാലഹരണപ്പെടുന്ന സാഹചര്യത്തിൽ കുടിശിക പിരിച്ചെടുക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 രേഖകൾ ലഭ്യമല്ലാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു. ₹496250/-

ചുവടെ പരാമർശിച്ചിരിക്കുന്ന ചെലവുകളുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

| ക്ര.നം. | ചെലവിനം | ബിൽ നം& തീയതി | തുക ₹ | തടസ്സത്തിനു കാരണം |
|---|---|---|---|---|
| 1 | മീഡിയാശ്രീ-പഞ്ചായത്തിനെ സംബന്ധിച്ച ഡോക്കുമെന്ററി തയ്യാറാക്കുന്നതിന് കുടുംബശ്രീ ജില്ലാ മിഷന് നൽകിയത്.(തനതു ഫണ്ട്) | വൗച്ചർ നം. 21500238/ 15.07.2015 | 19500 | ഡോക്കുമെന്ററി തയ്യാറാക്കിയിട്ടില്ല. പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. |
| | | 21500680 28.12.2015 | 45500 | |
| 2 | തെരുവ് വിളക്ക് വാങ്ങിയതിന് കെൽട്രോണിന് നൽകിയത് | 31/31.03.2016 | 386250 | തെരുവ് വിളക്ക് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. തെരുവ് വിളക്കുകൾ എവിടെ സ്ഥാപിച്ചു എന്ന് സാക്ഷ്യപ്പെടുത്തൽ ഇല്ല. |

| | | | | |
|---|---|---|---|---|
| 3 | കെ.എസ്. എഫ്.ഇ ലോൺ ഇനത്തിൽ സെക്രട്ടറി ശ്രീ ആർ. വെള്ളയ്യന്റെ ശമ്പളമിനത്തൽ നിന്നും പിടിച്ച തുക | 21500022 07-04-2015 | 5000 | തുക അടവാക്കിയതിന് കെ.എസ്.എഫ്.ഇ യിൽ നിന്നും ഔദ്യോഗിക രസീത് ഹാജരാക്കിയിട്ടില്ല |
| | | 21500090 05-05-2015 | 5000 | |
| | | 21500213 1-7-15 | 5000 | |
| | | 21500293 03-08-2015 | 5000 | |
| | | 21500430 03-10-2016 | 10000 | |
| | | 21500527 06-11-15 | 5000 | |
| | | 21500617 02-12-2015 | 5000 | |
| | | 21500696 01-01-2016 | 5000 | |
| ആകെ | | | 496250 | |

₹496250/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-2 <u>തൊഴിലുറപ്പ പദ്ധതിക്ക് സാധനങ്ങൾ വിതരണം ചെയ്ത കരാറുകാരനിൽ നിന്നും വാറ്റ് ഈടാക്കിയില്ല. നഷ്ടം ₹2428263/-</u>

2014-2015 വർഷം എം.ജി.എൻ.ആർ.ഇ.ജി.എസ്-ൽ വിവിധ മരാമത്ത് പ്രവൃത്തികൾക്ക് ആവശ്യമായ സാധനങ്ങൾ വിതരണം ചെയ്തതിന് കരാറുകാരനായിരുന്ന ഷൈൻ.ടി.ആർ എന്ന ആൾക്ക് 2015-2016 വർഷം ₹16746642/- നൽകിയിട്ടുണ്ട്. കരാറുകാരൻ വിതരണം ചെയ്ത സാധനങ്ങളുടെ വാറ്റ് ബിൽ ഹാജരാക്കിയിട്ടില്ല. വാറ്റ് നേരിട്ട് ഒടുക്കിയതിന്റെ രേഖകളും ലഭ്യമല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.നം. | വിതരണം ചെയ്ത സാധനം | അളവ്/തൂക്കം | നിരക്ക് | തുക |
|---|---|---|---|---|
| 1 | സിമന്റ് | 652150 കി.ഗ്രാം | 7.20/കി.ഗ്രാം | 4695480 |
| 2 | എം സാന്റ് | 1188.03എം3 | 2300/എം3 | 2732469 |
| 3 | 60 എം.എം മെറ്റൽ | 699.50 എം3 | 1280/എം3 | 895360 |

| | | | | |
|---|---|---|---|---|
| 4 | 40എം.എം മെറ്റൽ | 591.525എം3 | 1450/എം3 | 857711 |
| 5 | 20എം.എം മെറ്റൽ | 742.068എം3 | 2300/എം3 | 1706756 |
| 6 | റബിൾ | 997.05എം3 | 490/എം3 | 488555 |
| 7 | സ്റ്റീൽ | 42.495 ടൺ | 51500/ടൺ | 2188493 |
| 8 | ചിക്കൻമെഷ് | 16328 എം2 | 42.50/എം2 | 693940 |
| 9 | വെൽഡ് മെഷ് | 8193.25എം2 | 249/എം2 | 2040119 |
| 10 | ഇഷ്ടിക | 2.25എം3 | 4000/എം3 | 9000 |
| 11 | സിറാമിക് ഫ്ലോർ ടൈൽ | 222.65എം2 | 466/എം2 | 103755 |
| 12 | ഗ്ലാസ്സ് ടൈൽ | 20.535എം2 | 466/എം2 | 9569 |
| 13 | വുഡ് ഡോർ | 1.17എം3 | 82146/എം3 | 96111 |
| 14 | ഡോർ ലീഫ് | 8.314എം2 | 4180/എം2 | 34753 |
| 15 | വിൻഡോ ലീഫ് | 28.475എം2 | 3490/എം2 | 99378 |
| 16 | അലൂമിനിയം ഫേബ്രിക്കേഷൻ | 47.597എം2 | 2000/എം2 | 95194 |
| ആകെ | | | | 16746642 |

സാധനങ്ങൾ വിതരണം ചെയ്തതിന് കരാറുകാരന് ₹16746642/-നൽകിയെങ്കിലും ബില്ലിൽ നിന്നും വാറ്റ് ഉറവിടത്തിൽ ഈടാക്കാതിരുന്നതിനാൽ 14.50% നിരക്കിൽ വാറ്റ് ഇനത്തിൽ ₹2428263/- സംസ്ഥാന സർക്കാരിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. നഷ്ടം കരാറുകാരനിൽ നിന്നും ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-3 മുൻകൂർ തുക ക്രമീകരിച്ചിട്ടില്ല, ₹6,88,000/- യുടെ ചെലവ് തടസ്സം

| | |
|---|---|
| വൗച്ചർ നം തീയതി | 21500979 തീ. 18-03-2016 |
| ബിൽ നം | 51500984 തീ. 18-03-2016 |
| തുക | ₹705995 |

| | |
|---|---|
| ചെ നം | 1327607 തീ. 18-03-2016 |

നിരപ്പേൽപ്പാറ 114-ാം നമ്പർ അംഗണവാടി നിർമ്മിക്കുന്നതിനായി ₹6,88,000/- നബാർഡ് ഫണ്ടും ₹20,439/- തനത് ഫണ്ടും ഉൾപ്പെടുത്തി ₹7,08,439/- അടങ്കലിൽ എസ് 25/2016 നമ്പരായി പദ്ധതി രൂപീകരിച്ചിട്ടുണ്ട്. നബാർഡ് തുക തനത് ഫണ്ടിൽ നിന്നും മുൻകൂർ എടുത്ത് ചെലവഴിച്ചതിന് ശേഷം പിന്നീട് തനത് ഫണ്ടിലേക്ക് ക്രമീകരിക്കുന്നതിന് തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 13.10.2015 ലെ സ.ഉ (സാധ) 3120/15 നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിരുന്നു. അംഗണവാടി നിർമ്മിക്കുന്നതിനായി മേൽ നമ്പർ ചെക്ക് പ്രകാരം ₹7,05,995/- അസി എഞ്ചിനീയർക്ക് കൈമാറിയിട്ടുണ്ടെങ്കിലും നാളിതുവരെയും ₹6,88,000/- തനത് ഫണ്ടിലേക്ക് ക്രമീകരിച്ചിട്ടില്ല. ആയതിനാൽ ₹6,88,000/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തുക ക്രമീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-4 ഹെഡ് മാസ്റ്റർ നടപ്പാക്കിയ പദ്ധതികളുടെ ഫയലുകളും രജിസ്റ്ററുകളും ഓഡിറ്റിനു ഹാജരാക്കിയില്ല - ₹175000/-ന്റെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

ഗവൺമെന്റ് യു.പി. സ്കൂളിലെ ഹെഡ് മാസ്റ്റർ നടപ്പാക്കിയ പദ്ധതികളുടെ ഫയലുകളും രജിസ്റ്ററുകളും ഓഡിറ്റിന് ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച് 19.01.2017-ൽ നൽകിയ ഓഡിറ്റ് റിക്വിസിഷന് മറുപടി ലഭ്യമാക്കുകയോ ഫയലുകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. പഞ്ചായത്തിലെ പദ്ധതി ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരവും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരവും തൻവർഷം 'പട്ടികജാതി മെരിട്ടോറിയസ്സ് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (S00103/16) എന്ന പദ്ധതിക്കായി ₹175000/- (അലോട്ട്മെന്റ് നം.81500238/29.3.16/₹1,75,000/-) ചെലവഴിച്ചതായി കാണുന്നു. പ്രസ്തുത ചെലവ് പരിശോധിക്കാൻ സാധിക്കാത്തതിനാൽ ₹175000/-ന്റെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഫയലുകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-5 സർക്കാർ നിർദ്ദേശ പ്രകാരമുള്ള ഇ-ടെണ്ടർ നടപടി ഒഴിവാക്കുന്നതിന് ശ്രമം നടത്തിയിരിക്കുന്നു

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 30-04-2015 ലെ ജി.ഒ.(ആർ.റ്റി.)1288/2015 നമ്പർ ഉത്തരവ് പ്രകാരം അഞ്ച് ലക്ഷം രൂപയും അതിനു മുകളിലുള്ളതുമായ എല്ലാ മരാമത്ത് പ്രവൃത്തികളും ഇ-ടെണ്ടർ മുഖേന നടത്തേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ കരുണാപുരം ഗ്രാമപഞ്ചായത്തിൽ മരാമത്ത് പ്രവൃത്തികൾ നടത്തുന്നതിന് പ്രോജക്റ്റുകൾ തയ്യാറാക്കിയപ്പോൾ അഞ്ച് ലക്ഷം രൂപയിൽ താഴെ അടങ്കൽ തുക വരത്തക്കവണ്ണം പദ്ധതി തയ്യാറാക്കിയത് ഇ-ടെണ്ടർ നടപടിയിൽ നിന്നും ഒഴിവാകുന്നതിനും ഗുണഭോക്തൃസമിതി വഴി പ്രവൃത്തി നടത്തുന്നതിനുമാണ് എന്ന് വ്യക്തമാണ്. ചില ഉദാഹരണങ്ങൾ താഴെ

കൊടുക്കുന്നു. ഇതിൽ ഒരേ പ്രവൃത്തി അഞ്ച് ലക്ഷം പരിധി കവിയാതിരിക്കാൻ രണ്ട് പ്രോജക്ടായും നടപ്പാക്കിയിരിക്കുന്നു. ഇത് സർക്കാർ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിലെ വീഴ്ചയായി കാണുന്നു.

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക ₹ | റിമാർക്സ് |
|---|---|---|---|
| 1 | S0055/16, കുഞ്ഞിരാമൻമുക്ക് പൈലിക്കാനം റോഡ് സോളിംഗ് | 499000 | ഒരേ റോഡ് പ്രവൃത്തി |
| 2 | S0056/16, കുഞ്ഞിരാമൻമുക്ക് പൈലിക്കാനം റോഡ് കോൺക്രീറ്റിംഗ് | 100000 | |
| 3 | S0061/16, സോളിംഗ്- കട്ടേക്കാനം ഈറ്റക്കാനം റോഡ് | 499000 | |
| 4 | S0063/16, 800പടി മുട്ടാർപടി റോഡ് ടാറിംഗ് | 499000 | |
| 5 | S0073/16, കരുണാപുരം സൗത്ത് കൊങ്ങുമലപടി പാറക്കടവ് റോഡ് | 499000 | |
| 6 | S0079/16, പഴയ കൊച്ചറ സുൽത്താൻമേട് റോഡ് | 499000 | |
| 7 | S0083/16, ശൂലപ്പാറ കളത്തുംമേട് അപ്പാപ്പിക്കട റോഡ് | 499000 | |
| 8 | S0099/16, നാലുമുക്ക് പീതാംബരൻപടി റോഡ് | 499000 | |
| 9 | S0108/16, മുണ്ടാട്ടുമുണ്ടപടി റാവുത്തർപടി റോഡ് സോളിംഗ് | 499000 | |
| 10 | S0114/16, കുട്ടാർ അല്ലിയാർ റോഡ് റീടാറിംഗ് | 499000 | |
| 11 | S0120/16, പുളിയൻകണ്ടം കുളത്തുംമേട് റോഡ് ടാറിംഗ് | 499000 | |
| 12 | S0171/16, കൃഷിഭവൻ മെയിന്റനൻസ് | 499000 | |
| 13 | S0177/16, കമ്പംമെട്ട് മഡോണ എൽ.പി. എസ്.ടോയിലറ്റ് നിർമ്മാണം | 499000 | |
| 14 | S0179/16, എണ്ണർപടി മുട്ടാർമെട്ട് റോഡ് | 499000 | |
| 15 | S0189/16, കട്ടേക്കാനം കമ്യൂണിറ്റിഹാൾ പുനരുദ്ധാരണം | 499000 | |

## 3-6 കെട്ടിട നിർമ്മാണ പ്രോജക്ട് തയ്യാറാക്കിയതിൽ സർക്കാർ നിർദ്ദേശം

<u>പാലിച്ചിട്ടില്ല</u>

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 16-11-2013 ലെ സ.ഉ.(എം.എസ്.)362/13 നമ്പർ ഉത്തരവിലെ ഖണ്ഡിക 11.13 (XIV)(സി) പ്രകാരം, ഒരു കെട്ടിട നിർമ്മാണ പ്രോജക്റ്റ് തയ്യാറാക്കുമ്പോൾ, കെട്ടിടം ഉപയോഗിക്കാൻ കഴിയണമെങ്കിൽ എന്തെല്ലാം പ്രവൃത്തികൾ ചെയ്യണമോ, അതെല്ലാം പ്രോജക്റ്റിൽ നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കണം. ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നിവയ്ക്ക് എസ്റ്റിമേറ്റിൽ ലംപ്സമായി തുക വകയിരുത്തുകയും കെട്ടിടത്തിന്റെ സ്ട്രക്ചർ ആയിക്കഴിഞ്ഞാൽ ഇവയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നേടിയ ശേഷം ഈ പ്രവൃത്തികൾ ചെയ്യുകയുമാണ് വേണ്ടത്. തുകയ്ക്ക് അനുസൃതമായി ഒരു കെട്ടിടത്തിന്റെ ഭാഗികമായ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുവാനോ അഥവാ അങ്ങനെ തയ്യാറാക്കിയാൽ അതിന് അംഗീകാരം നൽകുവാനോ പാടില്ല. തുകയുടെ പരിമിതി ഉണ്ടെങ്കിൽ ബഹുവർഷ പ്രോജക്റ്റായി ഏറ്റെടുക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ കരുണാപുരം ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണത്തിനായി താഴെ പറയും പ്രകാരം 2014-15, 2015-16 വർഷങ്ങളിലായി ഒരേ പ്രവൃത്തിക്കായി മൂന്ന് പ്രോജക്റ്റ് അംഗീകാരം നേടി നിർവ്വഹണം നടത്തിയിരിക്കുന്നു. ഇത് സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമാണ്.

| ക്രമ നമ്പർ | പ്രോജക്റ്റ് | അടങ്കൽ (₹) |
|---|---|---|
| 1 | S0163/15, പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം പൂർത്തീകരണം | 767000 |
| 2 | S0156/16, പഞ്ചായത്ത് ഓഫീസ് രണ്ടാം നില പൂർത്തീകരണം | 476000 |
| 3 | S0191/16, പഞ്ചായത്ത് ഓഫീസ് രണ്ടാം നില കൈവരി നിർമ്മാണം, ഫേബ്രിക്കേഷൻ വർക്കുകൾ | 450000 |

ഭാവിയിൽ ഇത്തരം അപാകതകൾ പദ്ധതി ആസൂത്രണത്തിൽ ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## **3-7** <u>ഭവനനിർമ്മാണം - ഫയലുകൾ പൂർണ്ണമായും ഹാജരാക്കാത്തത് - ചെലവ് തടസ്സം **-₹331551/-**</u>

| | | |
|---|---|---|
| നിർവഹണം | : | വി.ഇ.ഒ. |
| ഭവനനിർമ്മാണം | : | ജനറൽ(വനിത) SO18/16 |

| | | |
|---|---|---|
| അടങ്കൽ | | വികസന ഫണ്ട്(ജനറൽ) ₹ 280000<br>ധനകാര്യകമ്മീഷൻ ഗ്രാന്റ് ₹ 268449<br>തനത് ഫണ്ട് ₹ 331551<br>ആകെ ₹ 8,80,000 |

ചെലവ് വിവരങ്ങൾ :-

| ക്രമ നം. | ബിൽ നം./ചെക്ക് നം./തിയതി | തുക (₹) |
|---|---|---|
| 1 | ബിൽ നം.1/15-16/19.6.15 | 2,60,000 |
| 2 | ബിൽ നം.2/15-16/19.6.15 | 2,80,000 |
| 3 | ബിൽ നം.12/15-16/27.2.16 | 8,449 |
| 4 | ചെക്ക് നം. 9483242/1.9.15 | 1,00,000 |
| 5 | ചെക്ക് നം. 9483243/12.10.15 | 40,000 |
| 6 | ചെക്ക് നം. 1327602/20.2.16 | 51,551 |
| 7 | ചെക്ക് നം. 1327612/29.3.16 | 20,000 |
| 8 | ചെക്ക് നം. 618797/15.7.15 | 1,20,000 |
| | ആകെ | 8,80,000 |

പ്രസ്തുത പദ്ധതിയ്ക്കായി ₹8,80,000/- പിൻവലിച്ചിട്ടുണ്ടെങ്കിലും പ്ലാൻ ഫണ്ട് തുകയുടെ (വികസന ഫണ്ട് (ജനറൽ) ₹280000/-, ധനകാര്യകമ്മീഷൻ ഗ്രാന്റ് – ₹268449/-) ഫയലുകൾ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. തനതുഫണ്ടിൽ നിന്നും മേൽ പരാമർശിക്കും പ്രകാരം വി.ഇ.ഒ.യ്ക്ക് നൽകിയിട്ടുള്ള ₹331551/- ചെലവ് വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

ഇതു സംബന്ധിച്ച് 19.01.2017-ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, ചെലവ് വിവരങ്ങൾ ഹാജരാക്കുന്നതാണ് എന്ന് മറുപടി തന്നിട്ടുണ്ടെങ്കിലും ആയത് ഹാജരാക്കിയില്ല. ആയതിനാൽ ₹331551/-ന്റെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ചെലവ് തടസ്സം ഒഴിവാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

- ഇല്ല -

### 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

- ഇല്ല -

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

- ഇല്ല -

### 4-4 വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം

- ഇല്ല -

### 4-5 സ്ഥിരനിക്ഷേപങ്ങൾ

- ഇല്ല -

### 4-6 ഓഡിറ്റ് റിക്കവറി

- ഇല്ല -

### 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 38 | 2003-04 | | ട്രാക്ടറിന് അധിക ചെലവ് | ലഭ്യമാക്കിയില്ല |
| 2006-07 | 2-7 | 2009-10 | 2-6 | തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ ആസ്തികൾ വാടകയ്ക്കെടുക്കുന്നവരുമായി കരാർ ചമയ്ക്കാകാത്തത് - പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് ഉൃക്കുപാലം മാർക്കറ്റ് -നഷ്ടം ₹7527 | |

| | | | | | |
|---|---|---|---|---|---|
| 2007-08 | 3-4 | 2010-11 | 2.14 | ഡെപ്പോസിറ്റ് വർക്കുകൾ പൂർത്തീകരിക്കുന്നതിലെ കാലതാമസം- കെ.എസ്.ഇ. ബി, എസ്.എസ്.എ., ഊർജ സുരക്ഷാ മിഷൻ ₹608047/- | |
| 2008-09 | 3-12 | 2011-12 | 2.4 | വരുമാന പരിധിയിലും ഉയർന്ന വരുമാനമുള്ളയാൾക്ക് ആനുകൂല്യം നല്കി. ₹2000 | |
| അനുബന്ധം 2 | | 2014-15 | | നിഷ്ക്രിയാസ്തികൾ- അവലോകന റിപ്പോർട്ട് | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹107257797 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹125253349 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹1690801 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| - ഇല്ല - | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 496250 | ശ്രീ. ആർ വെള്ളയ്യൻ, സെക്രട്ടറി |
| 3-3 | 688000 | ശ്രീ. ആർ വെള്ളയ്യൻ, സെക്രട്ടറി |
| 3-4 | 175000 | ശ്രീ. അഗസ്റ്റിൻ ജോസഫ്, ഹെഡ് മാസ്റ്റർ, ഗവ. യു.പി. സ്കൂൾ, ചോറ്റുപാറ |
| 3-7 | 331551 | ശ്രീ. തോമസ് വി.വി., വി.ഇ.ഒ. |
| | 1690801 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 2428263/- (സംസ്ഥാന സർക്കാർ) | ശ്രീ. ആർ വെള്ളയ്യൻ, സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഖണ്ഡിക നമ്പർ 3-4 & 3-7

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ആർ വെള്ളയ്യൻ, സെക്രട്ടറി | സെക്രട്ടറി, കരുണാപുരം ഗ്രാമപഞ്ചായത്ത് | ട്രൈബൽ കോളനി, ലബ്ബക്കണ്ടം, കുമിളി പി.ഒ., ഇടുക്കി ജില്ല. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ. എഫ്.ഐ. 5/189/98/31.8.1998 |
| 1997-98 | എൽ. എഫ്.ഐ. -8/649/99/15.3.2000 |
| 1998-99 | എൽ. എഫ്.ഐ. -8/607/00/6.2.2001 |
| 1999-2000 | എൽ. എഫ്.ഐ. -8/625/01/15.3.2002 |
| 2000-01 | എൽ. എഫ്.ഐ. -8/210/03/2.7.2002/31.7.2003 |
| 2001-02 | എൽ. എഫ്.ഐ. -8/571/03/19.1.2004/28.2.2004 |
| 2002-03 | എൽ. എഫ്.ഐ. -8/392/04/17.8.2004/3.12.2004 |
| 2003-04 | എൽ. എഫ്.ഐ. -10/186/06/14.7.2006/18.11.2006 |
| 2004-05 | എൽ. എഫ്.ഐ. -10/18/07/7.3.2007/7.6.2007 |
| 2005-06 | എൽ. എഫ്.ഐ. -10/590/07/2.8.2007/12.9.2007 |
| 2006-07 | എൽ. എഫ്.ഐ. -10/68/09/1.10.2009/11.1.2010 |
| 2007-08 | എൽ. എഫ്.ഐ. -10/234/10/17.9.2010/10.3.2011 |
| 2008-09 | എൽ. എഫ്.ഐ. -12/731/11/14.11.2011/31.3.2012 |
| 2009-10 | എൽ. എഫ്.ഐ. -12/732/11/12.12.2011/31.3.2012 |
| 2010-11 | എൽ. എഫ്.ഐ. -12/287/12/31.5.2013/4.10.2013 |
| 2011-12 | എൽ. എഫ്.ഐ. -12/405/14/5.52014/9.6.2014 |
| 2012-13 | എൽ. എഫ്.ഐ. -12/579/14/13.8.2014/20.10.2014 |
| 2013-14 | കെ.എസ്.എ.ഐ.ഡി.കെ -12/644/2015/27.7.2015 |
| 2014-15 | കെ.എസ്.എ.ഐ.ഡി.കെ -12/859/2016/5.7.2016 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

നം. കെ.എസ്.എ.-ഐ.ഡി.കെ.- 12/79/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി, തൊടുപുഴ
Phone No : 04862 227332
E-mail: doidk.ksad@kerala.gov.in
തീയതി: 25.01.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ വകുപ്പ് 215 അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കരുണാപുരം ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടികാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കരുണാപുരം ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

No.KSA-IDK/ 12/79/2017

Kerala State Audit Department
District Audit Office
Idukki, Thodupuzha

Phone No : 04862 227332
E-mail: doidk.ksad@kerala.gov.in
Dated : 25.01.2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Karunapuram Gramapanchayat in Idukki District for the year ended on 31.03.2016 in accordance with section 4 of the Kerala Local Fund Audit Act 1994, section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller And Auditor General of India for the purpose of audit of accounts Panchayath Raj Instituitions.

In my opinion, the Financial Statements of Karunapuram Gamapanchayat for the 2015-16,

except the observations in my audit report properly presents the picture of income and expenditure.

DEPUTY DIRECTOR
IDUKKI